LIBRARY ARCHIVES Kerala Legislative Assembly

മുറിച്ചുമാറ്റിയ മരങ്ങളുടെ ലേലത്തുക

65 [5716] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് മുതൽ കൊളപ്പുള്ളിവരെ റോഡ് വീതികൂട്ടുന്നതിന്റെ ഭാഗമായി മുറിച്ച് മാറ്റിയ മരങ്ങൾ എത്ര രൂപയ്ക്കാണ് ലേലത്തിൽ നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ഇനത്തിൽപ്പെട്ട എത്ര മരങ്ങളാണ് ഈ ഇനത്തിൽ നൽകിയത്;

(സി) ഇത്രയും മരങ്ങൾക്ക് വനംവകുപ്പ് നിശ്ചയിച്ച തറവില എത്രയായിരുന്നു വെന്ന് വെളിപ്പെടുത്താമോ;

(ഡി) തറവിലയേക്കാൾ അഞ്ചിരട്ടിയിലധികം മാർക്കറ്റ് വില ലഭിക്കുമെന്നി രിക്കെ തറവിലയ്ക്ക് ലേലം സ്ഥിരപ്പെടുത്തിയ സ്ഥിതിക്ക് ലേലം റദ്ദാക്കാൻ തയ്യാറാ കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) മുറിച്ചു മാറ്റിയ മരങ്ങളുടെ വില 20,60,300 രൂപയും നികുതി 3,99,411 രൂപയും.

(ബി) 37 ഇനങ്ങളിൽപ്പെട്ട 596 മരങ്ങൾ ലേലത്തിൽ നൽകിയിട്ടുണ്ട്. ഇനങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) വനംവകുപ്പ് നിശ്ചയിച്ച തറവില 21,70,263 രൂപ.

(ഡി) ലേലവും അനന്തരനടപടികളും സർക്കാർ ചട്ടങ്ങൾ പ്രകാരമായതിനാൽ ലേലം റദ്ദാക്കാൻ ഉദ്ദേശിക്കുന്നില്ല.

മട്ടാഞ്ചേരിയിൽ ഗാമൺ ഇന്ത്യാ ലിമിറ്റഡ് നിർമ്മിച്ച പാലം

66 [5718] ശ്രീ. പി. ജെ. ജോയി
" ഇ. എം. അഗസ്തി:
" പ്രയാർ ഗോപാലകൃഷ്ണൻ:
" ലൂഡി ലൂയിസ്:
" വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടാഞ്ചേരിയിൽ ഗാമൺ ഇന്ത്യാ ലിമിറ്റഡ് നിർമ്മിച്ച ബി. ഒ. ടി. അടിസ്ഥാന ത്തിലുള്ള പാലത്തിൽ നിന്നും എത്ര വർഷം ടോൾ പിരിക്കുവാനുള്ള അധികാരം അവർക്ക് കൊടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

---

† അനുബന്ധം III.

(ബി) ഇപ്പോൾ ടോൾ പിരിക്കുന്നതിന്റെ തോത് എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പ്രാവശ്യവും വാഹനം ഈ പാലം കയറിയിറങ്ങുമ്പോൾ ടോൾ കൊടുക്കേണ്ടതുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 13 വർഷം 9 മാസം

(ബി)

നമ്പർ	വാഹനങ്ങളുടെ വിവരം	ഒരു യാത്രയ്ക്ക്	മടക്കയാത്ര ഉൾപ്പെടെ
1.	കാർ, ജീപ്പ്, വാൻ	7.00 രൂപ	10.50 രൂപ
2.	ചെറു വാണിജ്യ വാഹനം	12.00 ,,	18.00 ,,
3.	ട്രക്ക്, ലോറി	30.00 ,,	45.00 ,,
4.	ബസ്	30.00 ,,	45.00 ,,
5.	കണ്ടെയ്നർ, ട്രെയ്ലർ തുടങ്ങി വലിയ വാഹനങ്ങൾ	36.00 ,,	53.50 ,,

(സി) ഉണ്ട്.

പെരിയാർവാലി ഭൂതത്താൻകെട്ട് പാലത്തിന്റെ ടോൾ പിരിവ്

67 [5719] ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഉള്ള എത്ര പാലങ്ങളിൽ ടോൾ പിരിക്കുന്നുണ്ട്;

(ബി) പെരിയാർവാലി ഭൂതത്താൻകെട്ട് പാലത്തിന്റെ ടോൾ പിരിവാരംഭിച്ചിട്ട് എത്ര കാലമായി;

(സി) ഇതുവരെ എന്തു തുക ഈ പാലത്തിൽ നിന്നും ടോൾ പിരിച്ചിട്ടുണ്ട്;

(ഡി) ഈ പാലത്തിന്റെ നിർമ്മാണച്ചെലവ് ഇതുവരെ വസൂലാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) ഇതിന്റെ ടോൾ പിരിവ് എന്നവസാനിപ്പിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ടോൾ പിരിക്കുന്ന പാലങ്ങളൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly